**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **29-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ആർ.ടി സിയും ജലഗതാഗത വകുപ്പും മോട്ടോർ വാഹനവകുപ്പും സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**കെ.എസ്.ആർ. ടി.സി**<br><br>• BS 6 കാറ്റഗറിയിലുള്ള എ.സി സ്ലീപ്പർ, എ.സി സീറ്റർ കം സ്ളീപ്പർ, എ.സി സീറ്റർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ-ലിങ്ക് ബസ്, മിനി ബസ് എന്നിവ ഉപയോഗിച്ച് ദീർഘദൂര-അന്തർ സംസ്ഥാന റൂട്ടുകളിലും ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചും സർവിസുകൾ ആരംഭിച്ചിട്ടുണ്ട്.<br>• സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ഗ്രാമവണ്ടി, സമുദ്ര, നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർഫാസ്റ്റ് പ്രമീയം എ.സി, ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡപ്രീമിയം എ.സി, എ.സി സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി സീറ്റർ, എ.സി സ്ളീപ്പർ, എ.സി സീറ്റർ കം സ്ളീപ്പർ, പ്രീമിയം സൂപ്പർഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയ തരം സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.<br>• 2024-2025, 2025-2026 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന |

ബസ്സുകൾക്ക് പകരം കൂടുതൽ യാത്രാ സൗകര്യങ്ങൾ ഉള്ള 269 എണ്ണം ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉ ള്ളടക്കം ചെയ്തിരിക്കുന്നു) അതിന്റെ അടിസ്ഥാനത്തിൽ 134 ബസുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ബസുകൾ ഉടൻ ലഭ്യമാക്കി സർവ്വീസിന് നൽകുന്നതാ ണ്.

- ഓൺലൈൻ ടിക്കറ്റിംഗ്, ക്യാഷ്‌ലെസ് ടിക്കറ്റിംഗ്, സിംഗിൾ ഫെയർ ടിക്കറ്റിംഗ്, ലിങ്ക് ടിക്കറ്റിംഗ് സംവിധാനങ്ങൾ മികച്ച യാത്രാസകര്യവും ടിക്കറ്റിംഗിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി സേവനം സുതാര്യവും എളപ്പവുമാക്കിമാറ്റി.
- നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ റീഫർബിഷിംഗ് പൂർത്തീകരിച്ച് 95 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്)
- വിനോദ സഞ്ചാരികളുടെ ആവശ്യത്തിലേക്കായി ഒരു ഡബിൾ ഡക്കർ ബസ് പരിവർത്തനം നടത്തി മൂന്നാറിൽ സർവ്വീസ് നടത്തുന്നതിന് സജ്ജമാക്കി നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഡബിൾ ഡക്കർ ബസ് പരിവർത്തനം പൂർത്തീകരിച്ച് വിനോദ സഞ്ചാരികളുടെ ആവശ്യാർത്ഥം സർവ്വീസ് നടത്തുന്നതി ന് ഉടൻ തന്നെ നിരത്തിലിറക്കുന്നതാണ്.
- കെ.എസ്.ആർ.ടി.സി ബസുകളി ൽ യാത്രക്കാർക്കുള്ള വിവര സംവിധാനം (Passenger Information System), എല്ലാ ബസ് സ്റ്റേഷനുകളിലും കുപ്പിവെള്ള പദ്ധതി, ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് വാഗ്ദാനം ചെയ്യുന്നതിനായി Wayside ഹോട്ടലുകൾ, തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, എറണാകുളം, പാലക്കാട്, തൃശ്ശൂർ, വിഴിഞ്ഞം , മലപ്പുറം എന്നീ പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രക്കാരുടെ കാത്തിരിപ്പ് കേന്ദ്രം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.
- പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Standy Model Digital Signage

System നടപ്പിലാക്കാൻ ധാരണ ആവുകയും ആയതിന്റെ ആദ്യ നടപടി എന്ന നിലയിൽ തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

- ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ :-കെ.എസ്.ആ ർ.ടി.സിയുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻ ഡ്രോയിഡ്ബേസ്ഡ് ടിക്കറ്റിങ്മെഷിനുകൾ നടപ്പിലാക്കിയിട്ടുണ്ട്.( വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു)
- ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻസംവിധാനം :- വിദ്യാർത്ഥികൾക്ക് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. www.concession ksrtc.com എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സിയുടെ ഒദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക്, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വിജയകരമായി പ്രവർത്തിച്ചവരുന്നു. നിലവിൽ ഉപയോഗിച്ച് വരുന്ന പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകൾ ആർഎഫ്ഐഡി കാർഡുകൾ ആക്കി മാറ്റിയിട്ടുണ്ട്.
- ഓൺലൈൻ പാസഞ്ചർ റിസർവേഷൻസിസ്റ്റം & ലൈവ് ടിക്കറ്റിംഗ്:- കെ.എസ്.ആർ.ടി.സിയിലേക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും, ടിക്കറ്റുകൾ മുൻകൂർ ബുക്ക്ചെയ്യുന്നതിനും നൂതന സൗകര്യങ്ങളോടു കൂടി പരിഷ്കരിച്ച് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിങ്ങിനായി ‘’enteksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. കെ.എസ്.ആർ.ടി.സി ബസുകളിൽ ട്രിപ്പ് സ്റ്റാർട്ട് ചെയ്തതിനുശേഷം ഒഴിവുള്ള സീറ്റുകളിൽ കെ.എസ്.ആർ.ടി.സിയുടെ ഒദ്യോഗിക വെബ്സൈറ്റ് /APP മുഖേന

സീറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കും എന്നതാണ് ലൈവ് ടിക്കറ്റിങ്ങിലൂടെ ഉദ്ദേശിക്കുന്നത്.

- സ്മാർട്ട് ട്രാവൽ കാർഡ് :- ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി സ്മാർട്ട്ട്രാവൽ കാർഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആർ.എഫ്.ഐ.ഡി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാസംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണിത്. ഇത് വഴി മുൻകൂറായി പണം റീചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും. പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും.
- കസ്റ്റമർകെയർപോർട്ടൽ:-കെ എസ്ആർടിസിയുടെ ചീഫ് ഓഫീസിൽ പ്രവർത്തിക്കുന്ന ഓപ്പറേഷൻസ് കൺട്രോൾ റൂമിൽ വിളിക്കുന്ന പരാതിക്കാരന്/ പരാതിക്കാരിക്ക് അവരുടെ പരാതികൾ ടിക്കറ്റ് ആയി ജനറേറ്റ് ചെയ്യുകയും ആയത് എസ്എംഎസ് ആയി ലഭിക്കുകയും ചെയ്യും. കൂടാതെ പ്രസ്തുത പരാതി കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിവരങ്ങളും എസ്എംഎ സ് ആയി ലഭിക്കുന്നതാണ്. പ്രസ്തുത പരാതി പരിഹരിച്ച കഴിഞ്ഞാൽ അവസാനിപ്പിക്കുന്നതിനുള്ള അധികാരം കസ്റ്റമർ റിലേഷൻസ് മാനേജറിൽ നിക്ഷിപ്തം ആയിരിക്കും. ആയത് പരാതിക്കാരനെ എസ്എംഎസ് മുഖേനെ അറിയിക്കുകയും ചെയ്യും.
- KSRTC-സ്വിഫ്റ്റിന്റെ 165 ഇലക്ട്രിക്ക് ബസ്സുകളും, 305 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾ ഉൾപ്പടെ 470 ബസ്സുകൾ KSRTC സർവിസ് നടത്തി വരുന്നു. ഇതിന് പുറമേ 2 എണ്ണം എ.സി. സ്ലീപ്പർ (വോൾവോ), 3 എ.സി. സീറ്റർ, 4 എ.സി . സ്ലീപ്പർ ബസുകൾ, 10 എസി പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ ഉടൻ ലഭ്യമാകുന്നതാണ്. യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ് /ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം,

റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻപൗച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, എയർ സസ്പെൻഷൻ, തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്.

**<u>മോട്ടോർ വാഹന വകുപ്പ്</u>**

പ്രകൃതി സൗഹൃദപരമായ പൊതു ഗതാഗത സൗകര്യത്തിനായി ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് e-Mobility Fund ഉപയോഗിച്ച് പ്രതിവർഷം ആയിരം വ്യക്തികൾക്ക് സബ്സിഡി നൽകിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പൊതുഗതാഗതം വർദ്ധിപ്പിക്കുവാനായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ, എൽഎൻജി, സിഎൻജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകൾ എന്നിവയ്ക്ക് പെർമിറ്റുകൾ വർധിപ്പിച്ച് നൽകി. ഗ്രാമപ്രദേശങ്ങളിലെ പൊതു ഗതാഗതം വർദ്ധിപ്പിക്കുവാനായി പുതിയ പ്രൈവറ്റ് ബസ് പെർമിറ്റുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു ഗതാഗതം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുകളുടെ പെർമിറ്റുകൾ നൽകുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നതിന് നേരിട്ട് കൊണ്ടിരുന്ന കാലതാമസം ഒഴിവാക്കിയിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ലളിതമായ സഞ്ചാരമാർഗ്ഗങ്ങൾ ലഭിക്കുന്നതിനായി കേരള സവാരി എന്ന ഒരു ആപ്ലിക്കേഷൻ നടപ്പിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾക്ക് സ്വകാര്യ ബസുകളിൽ കൃത്യ സമയത്ത് നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിച്ചേരുവാനായി ബസുകളുടെ സമയക്രമം പാലിക്കുന്നതിനായി ജിയോഫെൻസിങ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടൂറിസ്റ്റ് സർവ്വീസുകളിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ബസുകളിലെ സീറ്റുകളിലെ ടാക്സ് ഏകീകരിച്ചു. ആയതിന്റെ ഫലമായി എല്ലാ ടൂറിസ്റ്റ് വാഹനങ്ങളിലും പുഷ്ബാക്ക് സീറ്റുകൾ ഘടിപ്പിയ്ക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

**സംസ്ഥാന ജല ഗതാഗത വകുപ്പ്**

പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാസൗകര്യം ഉറപ്പ് വരുത്തുന്നതിനായി പഴയ തടി ബോട്ടുകൾക്ക് പകരം സോളാറിൽ പ്രവ ർത്തിക്കുന്ന ഫൈബർ ബോട്ടുകൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. 100, 80, 75, 30

| | | | |
|---|---|---|---|
| | | | പാസഞ്ചർ കപ്പാസിറ്റിയുള്ള യാത്രാബോട്ടുകൾ കൂടാതെ വാട്ടർടാക്സി, വാട്ടർ ആംബുലൻസ്, ഡിങ്കി ബോട്ടുകൾ, റസ്ക്യൂബോട്ടുകൾ എന്നിവ നവകേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിന് ഉതകുന്ന തരത്തിൽ അടിയന്തിര ഘട്ടങ്ങളിൽ ജനങ്ങ ളുടെ രക്ഷാമാർഗ്ഗങ്ങൾക്കും മറ്റും ഉതകുന്ന തരത്തിൽ സജ്ജമാക്കിയിട്ടുള്ളവയാണ്.<br><br>വിനോദസഞ്ചാരവും അതോടോപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവീസ് ആരംഭിച്ചിട്ടുണ്ട്. വേഗ, സി-കുട്ടനാട് എന്നിവയും വളരെ കുറഞ്ഞ ചിലവിൽ സാധാരണക്കാരായ ജനങ്ങൾക്ക് ടൂറിസം സർവിസിനായി വകുപ്പ് സർവിസ് നടത്തിവരുന്ന ബോട്ടുകളാണ്. |
| (ബി) | കെ. എസ്. ആർ. ടി. സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കെ. എസ്. ആർ. ടി. സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br><br>• കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷനിലെ നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവിസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്ത് ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• കൂടാതെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഒറ്റപ്പെട്ട ഭാഗങ്ങളിലെ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിച്ച് നൽകിയിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| (സി) | കെ. എസ്. ആർ. ടി. സി.യിൽ പ്രതിദിന ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (സി) | കെ. എസ്. ആർ. ടി. സി.യിൽ പ്രതിദിന ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | വരുമാന വർദ്ധനവ് ലക്ഷ്യമിട്ടും യാത്രാവശ്യം പരിഗണിച്ചും പൊതുജനങ്ങളിൽ നിന്നും വിവിധ ജനപ്രതിനിധികളിൽ നിന്നും ലഭ്യമായിട്ടുള്ള ആവശ്യങ്ങൾ പരിഗ ണിച്ച് ഇക്കാലയളവിൽ ഇൻസ്റ്റേറ്റ് / ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ഉൾപ്പെടെ വിവിധ ക്ലാസ്സുകളിലായി 264 പുതിയ സർവ്വീസുകൾ ആരംഭിച്ചു. പൊതുഗതാഗതത്തിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ വേണ്ടി 282 ഡീസൽ ബസ്സുകളും 52 ഇലക്ട്രിക്ക് ബസ്സുകളും (2 ഡബിൾ ഡക്കർ ഉൾപ്പെടെ) വാങ്ങി കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് കെ.എസ്.ആർ.ടി.സി സർവീസ് നടത്തിവരുന്നു. കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് കെ.എസ്.ആർ.ടി.സി സർവീസ് നടത്തി വരുന്നു.<br><br>വിവിധതരം സൂപ്പർ ക്ലാസ് ബസ്സുകൾ മികച്ച രീതിയിൽ അറ്റകുറ്റപണികൾ തീർത്ത് ബഡ്ജറ്റ് ടൂർ കൂടാതെ വിവാഹങ്ങൾ, തീർത്ഥാടനങ്ങൾ, മറ്റു സ്വകാര്യപരി പാടികൾ എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കും ചാർട്ടേർഡ് ട്രിപ്പുകൾക്കും കെ.എസ്.ആർ.ടി.സി ബസ്സുകൾ വാടകയ്ക്ക് നൽകുന്നതിന് ആകർഷകമാ യി നിരക്കുകൾ കുറച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കി വരുമാനം വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു.<br><br>കൂടാതെ സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ഗ്രാമവണ്ടി, സമുദ്ര, നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി, ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LSSFP), ഗരുഡ പ്രീമിയം എ.സി, എ.സി സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി സീറ്റർ, എ.സി സ്ലീപ്പർ, എ.സി സീറ്റർ കം സ്ലീപ്പർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയ തരം സർവീസുകൾ ആരഭംഭിച്ചിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 08.09.2025ൽ ടിക്കറ്റ് കളക്ഷനായി (ഓപ്പറേറ്റിംഗ് റവന്യൂ ലഭിച്ച 10.19 കോടി രൂപ കെ.എസ്.ആർ.ടി.സി .യുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിദിന വരുമാനമാണ്.)<br><br>കെ.എസ്.ആർ.ടി.സിയിൽ പ്രതിദിനം ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | | |
|---|---|---|---|---|
| | | | | ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ച് ഡോക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടി ക്രമം സ്വീകരിക്കുന്നതിന്റെ ഭാഗമായി ശരാശരി ഓഫ്റോഡ് ആഗസ്റ്റ് 2025-ൽ 467 ആയി നില നിർത്തുന്നതിനായി സാധിച്ചു. തന്മൂലം യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കൂടുതൽ ബസ്സുകൾ സർവീസ് നടത്തുന്നതിന് സാധിച്ചു.<br><br>2024-2025, 2025-2026 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന ബസ്സുകൾക്ക് പകരം കൂടുതൽ യാത്രാ സൗകര്യങ്ങൾ ഉള്ള 269 എണ്ണം ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി. ആയതിൽ 134 ബസുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. 85 ബസ്സുകൾ നടപടികൾ പൂർത്തിയാക്കി സർവ്വീസിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ബസുകൾ ഉടൻ ലഭ്യമാക്കി സർവ്വീസിന് നൽകുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| Sl No | Type of Bus | Purchase Order ( Qty in Nos ) |
|---|---|---|
| 1 | Fully Built Non – AC 4 Cylinder Diesel Bus 9 Mtr Ordinary bus | 50 |
| 2 | Fully Built Non – AC 6 Cylinder Diesel Bus 11 to 11.5 Mtr Fast Passenger bus | 50 |
| 3 | Fully Built Non – AC 6 Cylinder Diesel Bus 11 to 11.5 Mtr Super Fast bus | 110 |
| 4 | Fully Built Non-AC 4 Cylinder Diesel 10.5 Mtr – Short Distance Fast passenger bus | 27 |
| 5 | Fully Built AC Seater 4 Cylinder Diesel Engine 13.5 Mtr bus | 8 |
| 6 | Fully Built AC Sleeper Diesel Bus 4 Cylinder Engine 13.5 Mtr bus | 8 |
| 7 | Fully Built AC Sleeper Cum Seater 4 Cylinder Diesel Engine 13.5 Mtr bus | 10 |
| 8 | Fully Built Bus Multi Axle Rear Engine AC Seater 15 Mtr Diesel Propelled bus | 4 |
| 9 | Fully Built Bus Multi Axle Rear Engine AC Sleeper 15 Mtr Diesel Propelled bus | 2 |
| | Total | 269 |

**അനുബന്ധം - 2**

| Sl. No | Types of buses | No.of Refurbished Buses |
|---|---|---|
| 1 | Volvo Low Floor A/C | 18 |
| 2 | Double Decker | 1 |
| 3 | Minnal | 22 |
| 4 | Super Deluxe | 54 |

## അനുബന്ധം-3

പ്രസ്തുത സംവിധാനം നടപ്പിലാക്കിയത് വഴി പണമിടപാടുകൾ സുഗമ മാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാനും സാധിച്ചു കൂടാതെ ബസ്സുകളുടെ തൽ സമയ ട്രാക്കിംഗ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും യാത്രാ പാസുകളും, UPI പേയ്മെന്റ്, കാർഡ് പേയ്മെന്റ്, നെറ്റ് ബാങ്കിങ് പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോ പേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC കാർഡ്/closed loop കാർഡ് തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിങ് സൊല്യൂഷനിൽ ലഭ്യമാണ്.

ഇതിന്റെ ഭാഗമായി ബസ്സുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.. ആയതിലൂടെ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. "KSRTC ചലോആപ്പ്"വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ മുൻ കൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരുസ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസ്സുകളുടെ ലിസ്റ്റ് ലഭിക്കുകയും ചെയ്യും. ടി സംവിധാനംവഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും.

## <u>അനുബന്ധം-4</u>

റൗണ്ട് ട്രിപ്പിന് 35 രൂപയെങ്കിലും കിട്ടാത്ത 49,800 സർവീസ് കിലോമീറ്റർ പരിശോധിച്ച് കൂടുതൽ ജനോപകാരപ്രദമായി പുനക്രമീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്തും 35,682 കിലോമീറ്റർ യാത്രാവശ്യം ഇല്ലാത്തതും പ്രയോജനപ്രദവുമല്ലെന്നും ഡീസൽ തുക പോലും ലഭിക്കുന്നില്ലെന്നും കണ്ടതിനാൽ നിർത്തലാക്കുകയോ പുതിയ റൂട്ടിൽ പുനക്രമീകരിക്കുകയോ ചെയ്ത് നഷ്ടം ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ യാത്രാവശ്യമുള്ള സ്റ്റുഡൻസ് കൺസഷൻ നൽകുന്ന ട്രിപ്പുകൾ, ഒറ്റപ്പെട്ട മറ്റു യാത്രാ സൌകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയിലുള്ള ട്രിപ്പുകളുടെ 23,219 കിലോമീറ്റർ നിലനിർത്തിയിട്ടുമുണ്ട്.

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക്ക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിനു കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക്ക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.